സ്വദ്റുദ്ദീൻ വാഴക്കാട്

# ബഹുമത സമൂഹത്തിലെ മുസ്‌ലിംജീവിതം

മനുഷ്യമഹത്വത്തിന് പ്രധാനമായും മൂന്ന് മാനദണ്ഡങ്ങളുണ്ടെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. സത്താപരം, ആദർശാധിഷ്ഠിതം, കർമപരം എന്നിങ്ങനെ അവയെ വേർതിരിക്കാവുന്നതാണ്. സത്താപരമായ മഹത്വവും ആദരവും മുഴുവൻ മനുഷ്യർക്കും ജന്മസിദ്ധമായി ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു: "ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു. അവർക്ക് നാം കരയിലും കടലിലും വാഹനങ്ങൾ നൽകി, ഉത്തമ പദാർഥങ്ങൾ ആഹാരമായി നൽകി. നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളേക്കാൾ പ്രകടമായ ഔന്നത്യമരുളുകയും ചെയ്തു" (*അൽഇസ്രാഅ്* 70).

ആദർശം, കർമം എന്നിവയുടെ അടിസ്ഥാനത്തിൽ കൈവരുന്ന മഹത്വത്തിനും പദവികൾക്കും വിശ്വാസവും അതിനെ സാക്ഷാത്കരിക്കുന്ന പ്രവൃത്തികളുമാണ് ആധാരം. ആദർശാധിഷ്ഠിതമായ ശ്രേഷ്ഠതയെക്കുറിച്ച് ഖുർആൻ പറയുന്നു: "അല്ലാഹുവിനും അവന്റെ പ്രവാചകനും സത്യവിശ്വാസികൾക്കുമാണ് പ്രതാപമുള്ളത്" (*അൽമുനാഫിഖൂൻ* 8). കർമങ്ങൾക്കനുസൃതമായി ലഭ്യമാകുന്ന പദവികളെക്കുറിച്ച ഖുർആനിക പ്രസ്താവം ഇങ്ങനെയാണ്: "ഓരോരുത്തർക്കും അവരവരുടെ കർമങ്ങൾക്കനുസരിച്ച പദവികളുണ്ട്" (*അൽഅഹ്ഖാഫ്* 19). വിശുദ്ധ ജീവിതം നയിക്കുന്നവരാണ് ദൈവത്തിങ്കൽ ആദരണീയരെന്ന ഖുർആനിക പ്രഖ്യാപനം (*അൽഹുജുറാത്ത്* 3) ഇതോട് ചേർത്തുവായിക്കേണ്ടതാണ്.

ജന്മസിദ്ധമായി കൈവരുന്ന മഹത്വത്തിനും ആദരവിനും സർവ മനുഷ്യരും അർഹരാണ്. മത-ജാതി-വർഗ-വർണ വിവേചനമില്ലാത്ത ദൈവിക കാരുണ്യമാണത്. 'ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു' എന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. 'ആദം സന്തതികൾ' (ബനൂആദം) എന്ന പ്രയോഗം ഹിന്ദു, ജൂതൻ, ക്രിസ്ത്യൻ, മുസ്‌ലിം, ബുദ്ധ, ജൈന മതക്കാർ തുടങ്ങി ദൈവനിഷേധികളെ വരെ ഉൾക്കൊള്ളുന്നതാണ്. 'മനുഷ്യകുലം' എന്നതാണതിന്റെ ശരിയായ ഭാഷാന്തരം. 'മനുഷ്യ'നെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ചിട്ടുള്ള ബശർ, ഇൻസാൻ, അന്നാസ് തുടങ്ങിയ പദങ്ങളും ഇതേ ആശയംതന്നെയാണ് സൂചിപ്പിക്കുന്നത്. ബഹുദൈവങ്ങളിൽ വിശ്വസിക്കുന്നവരും ദൈവത്തെത്തന്നെ നിഷേധിക്കുന്നവരും ഭിന്ന മതങ്ങളുടെ അനുകർത്താക്കളും വിരുദ്ധ വർഗ-വർണങ്ങളുള്ളവരുമെല്ലാം മനുഷ്യരെന്ന അർഥത്തിൽ അല്ലാഹുവിന്റെ ആദരവ് ലഭിച്ചവരാണ്. അതുകൊണ്ടുതന്നെ അവരുടെ ജീവൻ, അഭിമാനം, സമ്പത്ത്, വിശ്വാസ-ആരാധനാ സ്വാതന്ത്ര്യം തുടങ്ങിയവയെല്ലാം പവിത്രവും സംരക്ഷിക്കപ്പെടേണ്ടതുമാണ്.

### മാനവികത

വിശ്വമാനവികതയുടെ വിശാലമായ കാൻവാസിൽ മനുഷ്യകുലത്തെ ആകമാനം ഉൾക്കൊള്ളാൻ ഇസ്‌ലാമിന് സാധിക്കുന്നത് മനുഷ്യൻ ജന്മനാ ആദരണീയനാണ് എന്ന മഹിതമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ്. ദൈവം, പ്രവാചകന്മാർ, വേദം, പ്രപഞ്ചസംവിധാനം തുടങ്ങിയവയെക്കുറിച്ച ഇസ്‌ലാമിക വീക്ഷണം മതവിഭാഗീയതയുടെയും സങ്കുചിതമായ സാമുദായികതയുടെയും ഇടുങ്ങിയ അതിർവരമ്പുകൾ പൊട്ടിച്ചെറിയുന്നതാണ്. വിശ്വമാനവികതക്ക് ഇസ്‌ലാം നൽകിയ ഏറ്റവും വലിയ സംഭാവന ഏകദൈവത്വസിദ്ധാന്തമാണ്. കാരണം, സ്രഷ്ടാവും സംരക്ഷകനുമായ ദൈവം ഏകനാകുമ്പോൾ എല്ലാ മനുഷ്യരും അവന്റെ മാത്രം സൃഷ്ടികളാകുന്നു. ഓരോ മനുഷ്യനിലും മറ്റുള്ളവർ തന്റെ സമസൃഷ്ടികളാണെന്ന ബോധമുണ്ടാകുന്നു. അങ്ങനെ ഏകദൈവത്വം ഏകമാനവികതക്ക് അടിസ്ഥാനമായി വർത്തിക്കുന്നു. ദൈവത്തെയും പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങൾ, പ്രപഞ്ചത്തിൽ ദൈവം സംവിധാനിച്ചിട്ടുള്ള വിഭവങ്ങൾ എന്നിവയെയും സാമുദായികവത്കരിച്ച് സ്വകാര്യസ്വത്താക്കി മാറ്റാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. 'മുഴുവൻ മനുഷ്യരുടെയും ദൈവം' എന്നതാണ് അല്ലാഹുവിനെക്കുറിച്ച് ഖുർആൻ അവതരിപ്പിക്കുന്ന കാഴ്ചപ്പാട്. "സർവലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു സ്തുതികീർത്തനങ്ങളത്രയും" (*അൽ ഫാത്തിഹ* 2). "പറയുക, ഞാൻ ജനങ്ങളുടെ രക്ഷിതാവിൽ അഭയം തേടുന്നു. ജനങ്ങളുടെ രാജാവിൽ, ജനങ്ങളുടെ ആരാധ്യനിൽ" (*അന്നാസ്* 1-3).

ഞങ്ങളുടെ ദൈവമൊന്ന്, നിങ്ങളുടെ ദൈവം മറ്റൊന്ന് എന്ന് വേർതിരിക്കാനല്ല. 'ഞങ്ങളുടെയും നിങ്ങളുടെയും രക്ഷിതാവ്' എന്ന് അല്ലാഹുവിനെ വിശേഷിപ്പിക്കാനാണ് ഖുർആൻ അനുശാസിക്കുന്നത്. 'അല്ലാഹുവാണ് ഞങ്ങളുടെയും നിങ്ങളുടെയും രക്ഷിതാവ്" (*അശ്ശൂറാ* 15). "അല്ലാഹുവാണ് എന്റെയും നിങ്ങളുടെയും രക്ഷിതാവ്" (*ആലുഇംറാൻ* 51). എന്റെ / ഞങ്ങളുടെ ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുകയെന്നല്ല, 'നിങ്ങളുടെ രക്ഷിതാവിൽ നിങ്ങൾ വിശ്വസിക്കുക' എന്നാണ് പ്രവാചകന്മാർ പ്രബോധനം ചെയ്തത് (*അൽഅഅ്റാഫ്* 3). മുഹമ്മദ് നബിയെ അല്ലാഹു പരിചയപ്പെടുത്തുന്നത് മുസ്‌ലിംസമുദായത്തിന്റെ മാത്രം പ്രവാചകൻ എന്നല്ല, 'മനുഷ്യസമൂഹത്തിന്റെ' പ്രവാചകൻ എന്നാണ്. "മനുഷ്യസമൂഹത്തിനാകമാനം സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടാകുന്നു നാം നിന്നെ നിയോഗിച്ചത്" (*സബഅ്* 27). "പ്രവാചകരേ, ലോകജനതക്ക് അനുഗ്രഹമായിട്ടു മാത്രമാകുന്നു നാം താങ്കളെ നിയോഗിച്ചത്" (*അൽഅമ്പിയാഅ്* 107). വിശുദ്ധ ഖുർആൻ വിശേഷിപ്പിക്കപ്പെട്ടതും 'മനുഷ്യസമൂഹത്തിന്റെ സന്മാർഗം' (*അൽബഖറ*) എന്നാണ്.

സൗരോർജം മുതൽ കുടിവെള്ളം വരെയുള്ള പ്രപഞ്ചത്തിലെ വിഭവങ്ങളുടെ വിതരണത്തിലും സാമുദായിക പക്ഷപാതിത്വമില്ല. മതത്തിന്റെ അതിർവരമ്പുകൾക്കകത്തല്ല സൂര്യപ്രകാശം പതിക്കുന്നതും മഴ വർഷിക്കുന്നതും. ഭൗതികവിഭവങ്ങൾ നൽകുന്നതിൽ വിശ്വാസി-അവിശ്വാസി വേർതിരിവുകളില്ല. 'സത്യവിശ്വാസികൾക്ക് രാജ്യം ശാന്തിനിറഞ്ഞതാ

ക്കി കൊടുക്കുകയും വിഭവങ്ങൾ നൽകുകയും ചെയ്യേണമേ' എന്ന ഇബ്റാഹീം നബിയുടെ പ്രാർഥന തിരുത്തുകയും 'അവിശ്വാസികൾക്കും നൽകും' എന്ന് പ്രഖ്യാപിക്കുകയുമാണ് അല്ലാഹു ചെയ്തത് (*അൽബഖറ* 126). സാമുദായികമായ വേർതിരിവ് സംഭവിക്കാനുള്ള സാധ്യതകളെ ആദ്യഘട്ടത്തിൽതന്നെ തടയുകയും മാനവികതയുടെ വിശാലത പഠിപ്പിക്കുകയുമാണ് അല്ലാഹു ചെയ്തത്.

മനുഷ്യവംശാരംഭത്തിന്റെ ഏകത്വത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞതും വിശ്വമാനവികതക്കുള്ള ഇസ്‌ലാമിന്റെ ആഹ്വാനമാണ്. സ്രഷ്ടാവ് ഒന്നാണെന്നതുപോലെ മത-ജാതി, വംശ-വർഗ വ്യത്യാസങ്ങൾക്കതീതമായി മുഴുവൻ മനുഷ്യരുടെയും മാതാപിതാക്കൾ ഒന്നാണെന്ന ഇസ്‌ലാമിന്റെ അധ്യാപനം മനുഷ്യസമൂഹത്തെ ഒന്നായി കാണാൻ പ്രേരിപ്പിക്കുന്നു (*അന്നിസാഅ്* 1). സർവ മനുഷ്യർക്കുമിടയിൽ സാഹോദര്യ ബന്ധമാണുണ്ടാവേണ്ടതെന്നാണ് ഇതിലൂടെ ദീൻ പഠിപ്പിക്കുന്നത്.

### ബഹുസ്വരത

മതവൈവിധ്യത്തെയും സാംസ്കാരിക വൈജാത്യങ്ങളെയും അംഗീകരിക്കാത്തതും ബഹുസ്വരതയെ നിരാകരിക്കുന്നതുമായ ഏകശിലാത്മക സമൂഹവും മതാധിഷ്ഠിത രാജ്യവുമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത് എന്ന തെറ്റുധാരണ സമൂഹത്തിൽ ഏതോ വിധത്തിൽ പ്രചാരം നേടിയിട്ടുണ്ട്. മുസ്‌ലിംകൾ അസഹിഷ്ണുക്കളും മറ്റു മതക്കാരിൽനിന്ന് അകന്നുനിൽക്കാൻ ആഗ്രഹിക്കുന്നവരുമാണെന്നും ചിലർ ധരിച്ചിട്ടുണ്ട്. ഇസ്‌ലാമികാദർശത്തോടോ ആദ്യകാല മുസ്‌ലിം ചരിത്രത്തോടോ നീതി പുലർത്തുന്നതല്ല ഈ ധാരണ. പ്രമാണങ്ങളുടെ തെറ്റായ വായനയും മധ്യകാലത്ത് രൂപപ്പെട്ട കർമശാസ്ത്രത്തിലെ കുടുസ്സാർന്ന ചിന്തകളും മുസ്‌ലിംകളിലെ തന്നെ ചിലരുടെ തെറ്റായ സമീപനങ്ങളുമാണ് അതിന് കാരണം. ഇസ്‌ലാമിനെതിരിലുള്ള കുപ്രചാരണങ്ങളും ഇത്തരം തെറ്റുധാരണകൾ പരത്താൻ ഇടയാക്കിയിട്ടുണ്ട്.

ഭിന്നമതങ്ങൾക്ക് പ്രവർത്തനസ്വാതന്ത്ര്യവും വ്യത്യസ്ത സംസ്കാരങ്ങൾക്ക് നിലനിൽക്കാനുള്ള അർഹതയും നൽകിയ ഇസ്‌ലാം ബഹുസ്വരതയെ നിരാകരിക്കുകയല്ല, അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. മത-സാംസ്കാരിക ബഹുത്വത്തെ തകർത്തെറിഞ്ഞ് ഏകശിലാത്മക സമൂഹവും ലോകവും നിർമിക്കുകയെന്ന ചിന്തയെ അടിസ്ഥാനപരമായി ത്തന്നെ തള്ളിക്കളഞ്ഞ ഖുർആൻ വൈവിധ്യങ്ങളുടെ നിലനിൽപ് ദൈവനിശ്ചയമാണെന്ന് പ്രഖ്യാപിക്കുന്നു. ഇതര മതങ്ങളുടെ ആരാധനാലയങ്ങൾ, ചിഹ്നങ്ങൾ, സംസ്കാരങ്ങൾ, മതവിശ്വാസികളുടെ ജീവൻ, സ്വത്ത്, അഭിമാനം തുടങ്ങിയവക്ക് സംരക്ഷണം നൽകാൻ കൽപിക്കുകവഴി ഒരർഥത്തിൽ ബഹുസ്വരതയെ നിലനിർത്താൻ ആഹ്വാനം ചെയ്യുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. ഖുർആൻ പറയുന്നത് കാണുക: "നിസ്സംശയം, താങ്കളുടെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ അഖില മാനവരെയും ഒറ്റ സമുദായമാക്കാൻ കഴിയുമായിരുന്നു. പക്ഷേ അവർ ഭിന്ന മാർഗങ്ങളിലൂടെത്തന്നെ ചലിച്ചുകൊണ്ടിരിക്കും" (*ഹൂദ്* 118).

ബലം പ്രയോഗിച്ചുള്ള മതപരിവർത്തനം വിലക്കുകയും വിശ്വാസ-ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുക വഴി ഈ ബഹുത്വത്തിന്റെ നിലനിൽപ് ഒരു യാഥാർഥ്യമായിത്തീരുന്നു. ചരിത്രത്തിലുടനീളം ഇസ്‌ലാമിക രാഷ്ട്രങ്ങളും മുസ്‌ലിംസമൂഹവും ഈ ബഹുസ്വരതയെ അംഗീകരിച്ചിട്ടുണ്ട്. മുഹമ്മദ് നബിയുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട മദീനയിലെ ഇസ്‌ലാമിക രാഷ്ട്രത്തിലും ഖിലാഫത്തുർറാശിദയുടെ ഭരണകാലത്തും ഇതിന്റെ സുന്ദരമായ പ്രായോഗിക മാതൃകകൾ കാണാവുന്നതാണ്. ഉമവീ-അബ്ബാസീ ഭരണകൂടങ്ങളുൾപ്പെടെയുള്ള പിൽക്കാല മുസ്‌ലിം ഭരണകാലത്തും വിവിധ മുസ്‌ലിംസമൂഹങ്ങളിലും ഇതിന്റെ മഹിത മാതൃകകളുണ്ട്. ഇതര മതവിശ്വാസികളോട് ശത്രുതാപരമായ സമീപനമായിരുന്നില്ല സഹിഷ്ണുതാ പൂർണമായ സഹവർത്തിത്വമാണ് ചരിത്രത്തിലെന്നും മുസ്‌ലിംകൾ സ്വീകരിച്ചത്. മദീനയിലെ ജൂതന്മാരും ഈജിപ്തിലെയും ഫലസ്ത്വീനിലെയും ക്രൈസ്തവരും ഇന്ത്യയിലെ ഹിന്ദുക്കളും ഇതിന്റെ അനുഭവസാക്ഷികളാണ്. പാശ്ചാത്യരും പൗരസ്ത്യരുമായ നിരവധി അമുസ്‌ലിം പണ്ഡിതന്മാർ അത്തരം മനോഹരമായ ചിത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന മാനവികതയുടെയും യാഥാർഥ്യമായി അംഗീകരിച്ചിട്ടുള്ള ബഹസ്വരതയുടെയും പരിസരത്തുനിന്നുകൊണ്ടുവേണം ബഹുമതസമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിമിന്റെ നിയനിലപാടുകളെയും സമീപന രീതികളെയും കുറിച്ച് ചിന്തിക്കാൻ. യഥാർഥത്തിൽ മുസ്‌ലിംകൾക്ക് ഭൂരിപക്ഷവും അധികാരവുമുള്ള ഇസ്‌ലാമികസമൂഹത്തിലും, അങ്ങനെയല്ലാത്ത ബഹുമതസമൂഹത്തിലും ഇതര മതവിശ്വാസികളോടുള്ള സമീപനത്തിൽ മൗലികമായ അന്തരമൊന്നുമില്ല. ഇസ്‌ലാമിക രാഷ്ട്രം തന്നെയും ബഹുസ്വരതയെ നിരാകരിക്കുന്നില്ലല്ലോ.

മതവിഭാഗീയതകൾക്കതീതമായ മാനുഷിക ബന്ധം എല്ലാ മതവിശ്വാസികളോടും പുലർത്താൻ മുസ്‌ലിംസമൂഹത്തിന് ബാധ്യതയുണ്ട്. കുടുംബ-അയൽപക്ക ബന്ധങ്ങളും സാമൂഹികബന്ധങ്ങളും നിലനിർത്തുന്നതിൽ മതവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ വേർതിരിവ് കൽപിക്കാവതല്ല. അനാഥ-അഗതി സംരക്ഷണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, ദാരിദ്ര്യനിർമാർജനം, നീതിനിർവഹണം, സാമൂഹിക സുരക്ഷിതത്വം തുടങ്ങിയ വിഷയങ്ങളെയും വിശാലമായ മാനവികവീക്ഷണത്തോടെ സമീപിക്കാനാണ് ഇസ്‌ലാം അനുശാസിക്കുന്നത്. സ്നേഹവും സൗഹാർദവും പരസ്പര ബന്ധവും ജീവകാരുണ്യപ്രവർത്തനങ്ങളും മതവിഭാഗീയതകളുടെ സങ്കുചിതമായ വേലിക്കെട്ടുകൾക്കകത്ത് പരിമിതപ്പെടുത്തേണ്ടതാണെന്ന കാഴ്ചപ്പാടിനെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. മുസ്‌ലിം ഉമ്മത്ത് 'മനുഷ്യസമൂഹത്തിന് ആകമാനം' നിയോഗിക്കപ്പെട്ടവരാണെന്ന ഖുർആനിക പ്രഖ്യാപനം (*ആലുഇംറാൻ* 110). ഇതിന് അടിവരയിടുന്നുണ്ട്. മുസ്‌ലിംകൾ നിയോഗിക്കപ്പെട്ടതുതന്നെ 'മുഴുവൻ മനുഷ്യർക്കും വേണ്ടി'യാണെന്ന് അല്ലാഹു പറയുമ്പോൾ അവർ സ്വന്തം സമുദായത്തിലേക്ക് മാത്രം ചുരുങ്ങണമെന്ന വാദം ദൈവികശാസനക്ക് വിരുദ്ധമാണ്. പൊതുസമൂഹത്തിൽനിന്ന് ഒറ്റപ്പെട്ട് ഒരു തുരുത്തായി മാറാനല്ല ആദർശപരമായ വ്യതിരിക്തതയും അസ്തിത്വവും സംരക്ഷിച്ചുകൊണ്ട് സമൂഹത്തിലെ ഒരംഗമായി അവരോടൊപ്പം ജീവിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

### സംഘർഷമല്ല, സൗഹൃദം

മതവിഭാഗങ്ങൾ തമ്മിൽ അനാരോഗ്യകരമായ സംഘർഷങ്ങളും അപകടകരമായ സംഘട്ടനങ്ങളും രൂപപ്പെടുന്നത് ഇസ്‌ലാം ശക്തിയായി വിലക്കുന്നു. സംഘർഷങ്ങൾ ഉടലെടുക്കാനുള്ള വഴികൾ അടക്കാൻ ആഹ്വാനം ചെയ്യുകയും സൗഹാർദപരമായ സഹവർത്തിത്വത്തിന്റെയും സേവനപൂർണമായ സംവാദങ്ങളുടെയും ഭൂമിക സൃഷ്ടിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. വിയോജിപ്പിന്റെ മേഖലകൾ കണ്ടെത്തി പരസ്പരം അകലാൻ തുനിയുന്നതിനു പകരം യോജിപ്പിന്റെ രംഗങ്ങൾ അന്വേഷിച്ച് പരസ്പരം അടുക്കാനും ആശയസംവാദങ്ങൾ നടത്തി പരസ്പരം മനസ്സിലാക്കാനും കൽപിക്കുന്നു. മറ്റു മതക്കാരുടെ ആരാധനാമൂർത്തികളെയും ആരാധനാലയങ്ങളെയും അനാദരിക്കുകയും പുഛിക്കുകയും ചെയ്യുക, അവരുടെ മതപരമായ ആചാരങ്ങളെ അപമാനിക്കുക തുടങ്ങിയവ ഖുർആൻ വിലക്കിയിട്ടുണ്ട്: "ഈ ജനം അല്ലാഹുവിനെയല്ലാതെ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവയെ നിങ്ങൾ ആക്ഷേപിച്ചുകൂടാത്തതാണ്. അങ്ങനെ അവരുടെ ബഹുമതവിശ്വാ

സം വിജൃംഭിച്ച് അജ്ഞതയിൽ അവർ അല്ലാഹുവിനെ ആക്ഷേപിക്കാൻ ഇടയായിക്കൂടാത്തതാണ്. നാമാണെങ്കിൽ ഈ വിധം സകല ജനവിഭാഗങ്ങൾക്കും അവരുടെ കർമം അലങ്കാരമാക്കി കാണിച്ചുകൊടുക്കും” (*അൽഅൻആം* 108). വിവിധ മതവിഭാഗങ്ങൾക്കിടയിൽ സംഘർഷവും സംഘട്ടനവും സൃഷ്ടിക്കുന്ന യാതൊരു സമീപനവും സത്യവിശ്വാസികളിൽനിന്നുണ്ടാകാൻ പാടില്ലെന്ന് ഈ ഖുർആൻ സൂക്തം പഠിപ്പിക്കുന്നു. ഫലസ്ത്വീൻ ജയിച്ചടക്കിയ സന്ദർഭത്തിൽ അവിടെയെത്തിയ ഉമറുബ്നുൽ ഖത്ത്വാബ് ക്രൈസ്തവ മതമേധാവികളോട് സംസാരിച്ചത് വലിയ ചർച്ചിൽ വെച്ചായിരുന്നു. ഉമർ(റ) പറയുന്നതെന്തും അംഗീകരിക്കാൻ ക്രൈസ്തവർ സന്നദ്ധരുമായിരുന്നു. എന്നിട്ടും അസ്വ്ർ നമസ്കാരമായപ്പോൾ അവിടെ വെച്ച് നമസ്കരിക്കാൻ ഉമർ(റ) സന്നദ്ധനായില്ല. പിൽക്കാലത്ത് മുസ്‌ലിംകൾ അതിന്റെ പേരിൽ അവകാശവാദമുന്നയിക്കുകയും അത് പിടിച്ചടക്കാൻ ശ്രമിക്കുകയും ചെയ്യുമോ എന്ന ആശങ്കയായിരുന്നു അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഭാവിയിൽ ഒരു ആരാധനാലയത്തിന്റെ പേരിൽ ഉണ്ടാകാവുന്ന സംഘർഷത്തിന്റെ വാതിലുകൾ അടച്ചുകളയുകയാണ് ഉമർ(റ) ചെയ്തത്. ഇത്തരം നിരവധി സംഭവങ്ങൾ ഇസ്‌ലാമികചരിത്രത്തിൽ കാണാവുന്നതാണ്. ബഹുമത സമൂഹത്തിൽ ജീവിക്കുന്ന മുസ്‌ലിം പ്രാധാന്യപൂർവം ശ്രദ്ധിക്കേണ്ട വിഷയമാണിത്.

സ്നേഹപൂർണമായ ആശയസംവാദ സംസ്കാരം വളർത്തിയെടുക്കാനും അതിൽതന്നെ സമവായത്തിന്റെ മേഖലകൾക്ക് ഊന്നൽ നൽകാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. “ഏറ്റവും ശ്രേഷ്ഠമായ രീതിയിലല്ലാതെ നിങ്ങൾ വേദക്കാരോട് സംവാദത്തിലേർപ്പെടരുത്: അവരിൽ ധിക്കാരികളായവരോടൊഴിച്ച്. അവരോട് പറയുവിൻ, ഞങ്ങളിലേക്കിറക്കപ്പെട്ടതിലും നിങ്ങളിലേക്കിറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒന്നുതന്നെ” (*അൽഅൻകബൂത്ത്* 40). “പ്രവാചകരേ പറയുക: ഓ വേദവിശ്വാസികളേ, ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കേണ്ട പ്രമാണത്തിലേക്ക് വരുവിൻ” (*ആലുഇംറാൻ* 64). ഇതര മതവിശ്വാസികൾ പുണ്യപുരുഷന്മാരായി കണ്ട പ്രവാചകന്മാരിലും, ദൈവികമെന്ന് കരുതിയ വേദങ്ങളിലും വിശ്വസിക്കാൻ ഖുർആൻ കൽപിച്ചിട്ടുണ്ട്. യേശു, മോസസ്, ജോസഫ് തുടങ്ങിയ പേരുകളിൽ ജൂത-ക്രൈസ്തവർ വിളിച്ച പ്രവാചകന്മാരെ അംഗീകരിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. അപ്രകാരംതന്നെയാണ് അവരുടെ വേദങ്ങളും. കാരണം അതെല്ലാം യഥാർഥത്തിൽ ദൈവികമാണ്. ജൂത-ക്രൈസ്തവ മതവിശ്വാസികളെ വേദക്കാർ എന്നാണ് ഖുർആൻ പരിചയപ്പെടുത്തിയത്. എന്നാൽ ഇന്ത്യയിലെ ഹൈന്ദവ സമൂഹവും ഒരർഥത്തിൽ വേദവിശ്വാസികളുടെ ഗണത്തിൽപെടുന്നവരാണ്. കാരണം, അവർ ദൈവികമെന്ന് കരുതുന്ന വേദങ്ങളിലും ദൈവനിയുക്തരെന്ന് കരുതുന്ന പുണ്യപുരുഷന്മാരിലും അവതാരങ്ങളിലും വിശ്വസിക്കുന്നവരാണ്. ഒരുപക്ഷേ ആ വേദങ്ങൾ അല്ലാഹുവിൽനിന്നുള്ളതും പുണ്യപുരുഷന്മാർ അവൻ നിയോഗിച്ച പ്രവാചകന്മാരും ആയേക്കാം. ആണെന്നോ അല്ലെന്നോ തീർത്തുപറയാൻ തെളിവുകളില്ല. ആയേക്കാമെന്ന് കരുതാവുന്ന ന്യായങ്ങൾ ധാരാളമുണ്ട്. ഭൂമുഖത്ത് മനുഷ്യവാസമുള്ളിടത്തെല്ലാം പ്രവാചകന്മാർ നിയുക്തരായിട്ടുണ്ടെന്നും, ഖുർആൻ പേരെടുത്ത് പറയാത്ത അനേകായിരം പ്രവാചകന്മാർ ഉണ്ടെന്നുമാണ് ഖുർആൻ തന്നെ പഠിപ്പിക്കുന്നുന്നത്. അവരുടെ വികൃതമാക്കപ്പെട്ട രൂപങ്ങളാകാം ഇന്ന് കാണുന്നത്.

സ്നേഹപൂർണമായ സംവാദനയം സ്വീകരിക്കാനുള്ള ഖുർആനികകൽപന സംഘർഷം നിലനിൽക്കുകയും തെറ്റുധാരണകൾ വ്യാപകമാവുകയും ചെയ്യുന്ന ബഹുമത സമൂഹത്തിൽ ജീവിക്കുന്ന വിശ്വാസിസമൂഹത്തിന്റെ നയരൂപീകരണത്തിൽ കാര്യമായ സ്വാധീനം ചെലുത്തേണ്ടതുണ്ട്. “പ്രവാചകരേ, യുക്തിപൂർവം ശ്രേഷ്ഠമായ സദുപദേശത്തോടെ താങ്കളുടെ നാഥന്റെ സരണിയിലേക്ക് പ്രബോധനം ചെയ്യുക. ഉത്കൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവദിക്കുക” (*അന്നഹ്ൽ* 125). ഇത്തരമൊരു സൗഹൃദ അന്തരീക്ഷം സമൂഹത്തിൽ പരസ്പര വിശ്വാസം വളർത്തുകയും എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതത്വബോധം ഉണ്ടാക്കുകയും ചെയ്യും. ജീവനും സ്വത്തും വിശ്വാസവും ആരാധനാലയങ്ങളുമെല്ലാം സംരക്ഷിക്കപ്പെടുമെന്ന ബോധത്തിലേക്ക് വളരുന്ന പരസ്പരബന്ധം വളർത്തിയെടുക്കാൻ സാധിക്കണം. “അല്ലാഹു ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെ കൊണ്ട് പ്രതിരോധിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിച്ചുകൊണ്ടിരിക്കുന്ന മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളും തകർക്കപ്പെട്ടുപോകുമായിരുന്നു” (*അൽഹജ്ജ്* 40). വിവിധ മതങ്ങൾക്ക് ആരാധനാലയങ്ങളുള്ള ബഹുസ്വര സമൂഹത്തിൽ പരസ്പരം സംരക്ഷകരായി മാറുകയാണ് വേണ്ടതെന്ന് ഈ ആയത്ത് വ്യക്തമാക്കുന്നു. മുസ്‌ലിംസമൂഹം ഇതര മതവിഭാഗങ്ങൾക്ക് നിർഭയത്വവും സുരക്ഷിതത്വബോധവും പ്രദാനം ചെയ്യുന്ന വിധത്തിൽ ഉദാത്തമായ മൂല്യങ്ങൾ ജീവിതത്തിൽ പ്രയോഗവത്കരിക്കുന്നവരായിത്തീരണം. അയൽവാസിയും സഹപ്രവർത്തകനും സമൂഹത്തിലെ ഏതൊരു അംഗവും മുസ്‌ലിമിനെ ഭയത്തോടെയും സംശയത്തോടെയും വീക്ഷിക്കുന്ന അവസ്ഥ ഒരിക്കലും ഒരു വിശ്വാസിക്കും ഉണ്ടാകാവതല്ല. മക്കയിൽ പീഡനം സഹിക്കവയ്യാതെ മദീനയിലേക്ക് പലായനം ചെയ്യുമ്പോഴും പ്രവാചകനെ ദ്രോഹിച്ച സമൂഹത്തിലെ പലരുടെയും സമ്പത്ത് സൂക്ഷിപ്പുസ്വത്തായി നബിയുടെ പക്കലുണ്ടായിരുന്നു. അത് ഉടമസ്ഥർക്ക് തിരിച്ചേൽപിക്കാൻ അലിയെ ഉത്തരവാദപ്പെടുത്തിയിട്ടാണ് നബി പലായനം ചെയ്തത്. അത്രയും ഉദാത്തമായിരുന്നു പ്രവാചകന്റെ വ്യക്തിത്വം. ഈ ഒരു സുരക്ഷിതത്വബോധവും നിർഭയത്വവും വിശ്വാസിയുടെ ജീവിതത്തിൽനിന്ന് സമൂഹത്തിൽ പ്രസരിക്കേണ്ടതുണ്ട്. മുസ്‌ലിംകൾ ജീവിക്കുന്ന പ്രദേശങ്ങളിലേക്ക് വീടു വെച്ച് താമസം മാറ്റാൻ ആളുകൾക്ക് താൽപര്യമുണ്ടാകുവോളം ഈ സുരക്ഷിതത്വബോധവും സൗഹാർദാന്തരീക്ഷവും കഴിഞ്ഞകാലത്ത് മുസ്‌ലിംകൾ കാത്തുസൂക്ഷിച്ചിരുന്നു.

സമൂഹത്തിലെ ആദർശബന്ധമുള്ളവരോടു മാത്രമല്ല, ഇതര മതവിശ്വാസികളോടും സാഹോദര്യബന്ധമാണ് മുസ്‌ലിം പുലർത്തേണ്ടത്. പ്രവാചകന്മാരെ ഖുർആൻ പരിചയപ്പെടുത്തുന്നത് ‘സമൂഹത്തിന്റെ സഹോദരന്മാർ’ എന്നാണ്. പ്രബോധിതരായ ജനതയുടെ ‘സഹോദരൻ’ എന്ന് ഒരു പ്രവാചകൻ വിശേഷിപ്പിക്കപ്പെടുമ്പോൾ, ആ സമൂഹം സത്യവിശ്വാസികളല്ലെന്നുറപ്പാണ്. ഉദാഹരണമായി നൂഹ് നബിയെക്കുറിച്ച് ഖുർആൻ പറയുന്നു: “അവരുടെ സഹോദരൻ നൂഹ് അവരോട് പറഞ്ഞു: നിങ്ങൾ ദൈവഭക്തരാകുന്നില്ലേ” (*അശ്ശുഅറാഅ്* 106). മറ്റു പ്രവാചകന്മാരെക്കുറിച്ച് ഇതേ പ്രയോഗം ഖുർആൻ നടത്തിയിട്ടുണ്ട് (*അൽഅഅ്റാഫ്* 65,73,85; ഹൂദ്: 50,61,84). ‘വിശ്വസ്തനായ ഗുണകാംക്ഷി’ എന്ന് ഖുർആൻ വിശേഷിപ്പിച്ച(*അൽഅഅ്റാഫ്* 48) പ്രബോധകന്റെ ഉദാത്തമായ വ്യക്തിത്വം സമൂഹത്തിന് അനുഭവവേദ്യമാകുന്ന രീതിയിൽ തങ്ങളുടെ അസ്തിത്വവും വ്യക്തിത്വവും നിലനിർത്താനും ബഹുമത സമൂഹത്തിലെ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്.

നബി(സ) ഒരിക്കൽ പറഞ്ഞു: “നിങ്ങൾ പരസ്പരം കാരുണ്യം കാണിക്കുവോളം സ്വർഗത്തിൽ പ്രവേശിക്കുകയില്ല.” ഇതു കേട്ട സ്വഹാബിമാർ ചോദിച്ചു: ഞങ്ങളെല്ലാവരും കാരുണ്യം കാണിക്കുന്നവരാണല്ലോ? നബി(സ) പറഞ്ഞു: നിങ്ങളിലാരോടെങ്കിലും പ്രത്യേകമായുള്ള കാരുണ്യമല്ല. പൊതുസമൂഹത്തോടുള്ള കാരുണ്യമാണ് ഞാനുദ്ദേശിക്കുന്നത്.” രണ്ടു തവണ നബിയിത് ആവർത്തിച്ചു.

പൊതുസമൂഹം (*അൽആമ്മത്ത്*) എന്നാൽ എല്ലാ മതവിഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ്.

അലി(റ) ഖലീഫയായിരിക്കെ ഈജിപ്തിലെ ഗവർണർ മാലികുൽ അശ്തറിന് അയച്ച കത്ത് ശ്രദ്ധേയമാണ്. അദ്ദേഹമെഴുതി: "പ്രജകളോടുള്ള കാരുണ്യവും സ്നേഹവും അനുകമ്പയും നിന്റെ ഹൃദയത്തിലുണ്ടാകണം. അവർ രണ്ടു വിഭാഗക്കാരാണ്. ഒന്ന്, ദീനിലെ നിന്റെ സഹോദരൻ. അല്ലെങ്കിൽ നിന്റെ സമസൃഷ്ടി." അല്ലാഹുവിന്റെ സൃഷ്ടികളെന്ന നിലക്ക് അമുസ്ലിംകളോടും സ്നേഹവും കാരുണ്യവും അനുകമ്പയും കാണിക്കണമെന്നാണ് അലി(റ) തന്റെ ഗവർണറെ ഓർമപ്പെടുത്തുന്നത്. മുസ്ലിംകൾക്ക് അധികാരം കൈയിലുള്ള ഇസ്ലാമികരാഷ്ട്രത്തിനകത്ത് അമുസ്ലിംകൾക്ക് സമ്പൂർണമായ സംരക്ഷണം നൽകൽ ഇസ്ലാമിക ഭരണകൂടത്തിന്റെ നിയമപരമായ ബാധ്യതയാണ്. എന്നാൽ, അത്തരമൊരു അധികാരം കൈയിലില്ലാത്ത ബഹുമത സമൂഹത്തിൽ ജീവിക്കുന്ന മുസ്ലിം, സമസൃഷ്ടികളായ മുഴുവൻ മനുഷ്യർക്കും കഴിവിന്റെ പരമാവധി സംരക്ഷണം നൽകാൻ ധാർമികമായി ബാധ്യസ്ഥനാണ്.

## പരസ്പര ബന്ധം

കുടുംബബന്ധങ്ങളും അയൽപക്കബന്ധങ്ങളും സ്നേഹോഷ്മളമായി നിലനിർത്തിയും വിശാലമായ സാമൂഹികബന്ധങ്ങൾ കെട്ടിപ്പടുത്തും സൗഹൃദപൂർണമായ സഹവർത്തിത്വം ഉറപ്പുവരുത്താൻ മുസ്ലിംകൾക്ക് സാധിക്കേണ്ടതുണ്ട്. മതവ്യത്യാസങ്ങൾ കുടുംബബന്ധങ്ങൾ മുറിച്ചുമാറ്റാൻ കാരണമാകേണ്ടതില്ല. ഒരാൾ മുസ്ലിമാകുന്നതോടെ അമുസ്ലിംകളായ കുടുംബക്കാരുമായുള്ള ബന്ധം വിഛേദിക്കേണ്ടതാണെന്ന ധാരണ ശരിയല്ല. എന്നാൽ അമുസ്ലിംകളായ മാതാപിതാക്കളോടും സഹോദരങ്ങളോടും കുടുംബബന്ധം പുലർത്തിക്കൊണ്ടുതന്നെ ഒരാൾക്ക് മുസ്ലിമായി ജീവിക്കാവുന്നതാണ്. ആദർശത്തിൽ വിട്ടുവീഴ്ച പാടില്ലെന്ന് മാത്രം. സ്വഹാബിവര്യൻ സഅ്ദുബ്നു അബീവഖാസിന്റെ മാതാവ് അമുസ്ലിമായിരുന്നു. മാതാവിന്റെ തെറ്റായ നിർദേശങ്ങൾ പാലിക്കേണ്ടതില്ലെന്ന് കൽപിക്കുകയും; മാതാവെന്ന നിലക്ക് നൽകേണ്ട സൽപെരുമാറ്റവും സഹായവും അവർക്ക് നൽകാൻ നിർദേശിക്കുകയുമാണ് ഖുർആൻ ചെയ്തത് (സൂറഃ *ലുഖ്മാനി*ലെ 15-ാം ആയത്ത് ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് അവതീർണമായത്). അസ്മാഅ് ബിൻത് അബീബക്ർ (റ) അമുസ്ലിമായ മാതാവിനെ വീട്ടിൽ സ്വീകരിക്കാമോ എന്നും അവർ നൽകിയ സമ്മാനം സ്വീകരിക്കാമോ എന്നും സംശയം പ്രകടിപ്പിച്ചിരുന്നു. മാതാവിനോടുള്ള ബന്ധം നിലനിർത്താനും അവർ നൽകിയ സമ്മാനം സ്വീകരിക്കാനുമായിരുന്നു നബിയുടെ നിർദേശം. കുടുംബബന്ധങ്ങൾ അറുത്തുമാറ്റിക്കൊണ്ടുള്ള ഒരു മതപരിവർത്തനം ഇസ്ലാം കൽപിക്കുന്നില്ല. ഗൗരവപ്പെട്ട ചർച്ചക്ക് വിഷയീഭവിക്കേണ്ട പ്രശ്നമാണിത്.

അയൽപക്കബന്ധത്തിന് ഇസ്ലാം വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഊഷ്മളമായ അയൽപക്കബന്ധം വിശ്വാസത്തിന്റെ ഭാഗമായി ഇസ്ലാം പഠിപ്പിക്കുന്നു. എന്നാൽ അയൽപക്കബന്ധങ്ങളിൽ മതപരമായ വിവേചനം ഇസ്ലാം ഒരിക്കലും പഠിപ്പിച്ചിട്ടില്ല. അയൽപക്കബന്ധങ്ങളെക്കുറിച്ച് ഖുർആനിലും ഹദീസിലും വന്ന നിർദേശങ്ങളിലൊന്നും വിഭാഗീയ സ്വഭാവത്തോട് കൂടിയ ഒരു വേർതിരിവ് കാണുക സാധ്യമല്ല. ഒരു ബഹുമത സമൂഹത്തിൽ വിവിധ മതവിഭാഗങ്ങളിൽ പെട്ടവർ തമ്മിൽ അയൽപക്ക ബന്ധങ്ങൾ അനിവാര്യമാണ്. ഇത്തരം അയൽപക്കബന്ധങ്ങൾ സ്നേഹോഷ്മളമായിത്തീരുന്നത് സ്വസ്ഥവും സമാധാനപൂർണവുമായ സമൂഹത്തിന്റെ നിലനിൽപിന് ഏറെ സഹായകമാകുന്നു. സംഘർഷങ്ങളും മതസ്പർധയും ഒഴിവാക്കാനും ഏറ്റവും ഫലപ്രദമായ മാർഗങ്ങളിലൊന്നാണിത്. പരസ്പരസ്നേഹവും വിശ്വാസവുമുള്ള അയൽപക്കബന്ധങ്ങളുണ്ടെങ്കിൽ മതവിഭാഗങ്ങളിൽക്കിടയിൽ സ്പർധ ഉടലെടുക്കാനുള്ള സാധ്യത വളരെ വിരളമായിരിക്കും.

ഇസ്ലാം അനുശാസിക്കുംവിധത്തിലുള്ള അയൽപക്കബന്ധങ്ങൾ യഥാവിധി നിലനിർത്തപ്പെടുമ്പോൾ മതസൗഹാർദത്തിന്റെ അന്തരീക്ഷവും സമൂഹത്തിൽ സംജാതമാകും. അയൽവാസികളോടെല്ലാം നന്മയിൽ വർത്തിക്കണമെന്ന് ഖുർആൻ പഠിപ്പിക്കുന്നു: "നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ. യാതൊന്നിനെയും അവന്റെ പങ്കാളിയാക്കാതിരിക്കുവിൻ. മാതാപിതാക്കളോട് നന്മയിൽ വർത്തിക്കുവിൻ. ബന്ധുക്കളോടും അഗതികളോടും അനാഥരോടും നന്നായി പെരുമാറുവിൻ. ബന്ധുക്കളായ അയൽക്കാരോടും അകന്ന അയൽക്കാരോടും സഹവാസികളോടും സഞ്ചാരികളോടും നിങ്ങളുടെ അധീനതയിലുള്ളവരോടും നന്നായി വർത്തിക്കുവിൻ" (*അന്നിസാഅ്* 36). ഇവിടെ 'അകന്ന അയൽവാസി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അമുസ്ലിംകളായ അയൽവാസികളാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ സൂചിപ്പിച്ചിട്ടുണ്ട് (ഖുർത്വുബി 1/184). അല്ലാഹുവിനോടുള്ള ഇബാദത്തിനോടും മാതാപിതാക്കളോടുള്ള സുകൃതത്തോടും ചേർത്തു പറഞ്ഞ അയൽപക്ക ബന്ധങ്ങളിൽ അമുസ്ലിംകളുടെ വിഷയം പ്രത്യേകം എടുത്തുപറയുകയാണ് അല്ലാഹു ചെയ്തത്. അയൽവാസിക്ക് നൽകേണ്ട അവകാശങ്ങളൊന്നും അവർ അമുസ്ലിംകളാണെന്ന കാരണത്താൽ തടയപ്പെടാവതല്ല. ഹദീസുകളിൽ അയൽപക്കബന്ധത്തെക്കുറിച്ച് ധാരാളം വന്നിട്ടുണ്ട്. നബി(സ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കരുത്." മറ്റൊരു ഹദീസിൽ 'അവൻ തന്റെ അയൽവാസിയെ ആദരിക്കട്ടെ' എന്ന് വന്നിട്ടുണ്ട്. ആദരിക്കണമെന്നും ഉപദ്രവിക്കാതിരിക്കണമെന്നുമുള്ള ശാസനകളിൽ മതപരമായ വ്യത്യാസങ്ങളൊന്നുമില്ല. ഒരിക്കൽ അബ്ദുല്ലാഹിബ്നു ഉമർ(റ) വീട്ടിൽ ആടിനെ അറുത്തു. മാംസത്തിലൊരു ഭാഗം ജൂതനായ അയൽവാസിക്ക് നൽകിയോ എന്ന് അദ്ദേഹം ജോലിക്കാരനോട് ചോദിച്ചു. 'ഒരു ജൂതന്റെ കാര്യത്തിൽ എന്താണിത്ര താൽപര്യം' എന്നായിരുന്നു ജോലിക്കാരന്റെ സംശയം. ഇബ്നു ഉമർ പറഞ്ഞു: "പ്രവാചകൻ ഇങ്ങനെ പറയാറുണ്ടായിരുന്നു: അയൽവാസിയുടെ കാര്യം ശ്രദ്ധിക്കാൻ ജിബ്രീൽ എന്നെ ഉപദേശിക്കാറുണ്ടായിരുന്നു. അതു കേട്ടപ്പോൾ അയൽവാസിക്ക് അനന്തര സ്വത്തിൽ അവകാശമുണ്ടാകുമെന്നു പോലും ഞാൻ ധരിച്ചു." ഇബ്നു ഉമർ നൽകാൻ കൽപിച്ചത് ബലിമാംസമായിരുന്നുവെന്ന് ഒരു അഭിപ്രായമുണ്ട്. 'അയൽവാസി പട്ടിണി കിടക്കെ വയറു നിറച്ചുണ്ണുന്നവൻ വിശ്വാസികളിൽപെട്ടവനല്ല' എന്ന നബിവചനം വിശ്രുതമാണ്. ഇതിലെവിടെയാണ് മതപരമായ വിവേചനമുള്ളത്?

**അടുത്ത ലക്കത്തിൽ:**
**ജനസേവനം, നീതിനിർവഹണം**